**ആയുർവേദ ഔഷധങ്ങൾ, ഔഷധച്ചെടികൾ എന്നിവയുടെ പേറ്റന്റ് നേടുവാൻ പ്രോൽസാഹനം**

175 [1780] *ശ്രീ. എം. എം. ഹസ്സൻ :*
„ *വി. ജെ. പൗലോസ് :*
„ *കടവൂർ ശിവദാസൻ :*
„ *എം. മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങൾ, ഔഷധച്ചെടികൾ എന്നിവയെ സംബന്ധിച്ച് പേറ്റന്റ് നേടുവാൻ സംസ്ഥാനത്തുള്ള ഔഷധ ഉല്പാദകർ, ഔഷധച്ചെടി കൃഷി ചെയ്യുന്നവർ എന്നിവർക്ക് എന്തെല്ലാം വിധത്തിലുള്ള പ്രോൽസാഹനം നൽകി വരുന്നു;

(ബി) സംസ്ഥാനത്ത് ആരെല്ലാം ഇക്കാര്യത്തിൽ പേറ്റന്റ് നേടിയിട്ടുണ്ട്;

(സി) ഗവൺമെന്റ് ആയുർവേദ കോളേജുകൾ ഇത് സംബന്ധിച്ച് എന്തെങ്കിലും പരിശ്രമം നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

*ഉത്തരം*

(എ) പേറ്റന്റ് നേടുവാൻ പ്രോൽസാഹനം നൽകുന്നില്ല.

(ബി) പാലോട്ടുള്ള ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കാര്യത്തിൽ ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

(സി) കേരളവുമായി ബന്ധപ്പെട്ട ഔഷധ സസ്യങ്ങൾ, ഔഷധയോഗങ്ങൾ, ചികിൽസാരീതികൾ മറ്ററിവുകൾ ഇവയിൽ വിദേശികൾ പേറ്റന്റ് കരസ്ഥമാക്കുന്നത് തടയാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. മേൽപ്പറഞ്ഞ അറിവുകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുവാൻ വേണ്ട നടപടികൾ എടുത്തുവരുന്നു.

**ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ആംബുലൻസ്**

176 [1782] *ശ്രീ. ടി. പി. എം. സാഹിർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ആംബുലൻസ് അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം എത്രവീതം എന്ന് വെളിപ്പെടുത്താമോ;

(സി) തിരുവനന്തപുരത്തെ ഹോമിയോ മെഡിക്കൽ കോളേജിന് ആംബുലൻസ് അനുവദിച്ചത് എന്നാണ്;

(ഡി) ഇപ്രകാരം ആംബുലൻസ് അനുവദിച്ചപ്പോൾ അതിനായി ഡ്രൈവറെ നിയമിച്ചിരുന്നോ; എങ്കിൽ ഏത് വ്യവസ്ഥയിലാണ് നിയമിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആംബുലൻസിനാവശ്യമായ ഡ്രൈവറെ നിയമിച്ച് ആംബുലൻസ് സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ), (ബി) & (സി) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിന് പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിൽ നിന്നും 2005 ജൂൺ മാസത്തിൽ ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ച് വാഹനം ഉപയോഗിച്ചുവരുന്നു.

(ഇ) പ്രോദ്യം ഉദിക്കുന്നില്ല.

**ഹോമിയോ മെഡിക്കൽ കോളേജുകളിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫസർ തസ്തിക ഉണ്ടായിരിക്കണമെന്ന നിർദ്ദേശം**

177 [1783] *ശ്രീ. പി. കെ. കെ. ബാവ :*
„ *പി. കെ. അബ്ദുറബ്ബ് :*
„ *സി. മോയിൻ കുട്ടി :*
„ *ടി. പി. എം. സാഹിർ :*
„ *സി. മമ്മൂട്ടി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ കോളേജുകളിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫസർ തസ്തിക ഉണ്ടായിരിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഈ നിർദ്ദേശമനുസരിച്ച് പോസ്റ്റുകൾ അനുവദിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇതിന്റെ നടപടി എന്നത്തേക്ക് പൂർത്തിയാക്കി തസ്തികകൾ സൃഷ്ടിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) & (സി) ഈ നിർദ്ദേശമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly